# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 589 30.06.2016 - ൽ മറുപടിയ്ക്ക്

## മുല്ലപ്പെരിയാറിൽ തമിഴ് നാടിന്റെ അനധികൃത ഷട്ടർ കൺട്രോൾ യൂണിറ്റുകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി** | | **മാത്യു ടി. തോമസ് (ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) മുല്ലപ്പെരിയാർ അണക്കെട്ടിനു സമീപത്തെ സ്പിൽവേയിൽ സംസ്ഥാനത്തിന്റെ അനുമതിയില്ലാതെ തമിഴ് നാട് ഷട്ടർ കൺട്രോൾ യൂണിറ്റുകൾ സ്ഥാപിച്ചതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | മുല്ലപ്പെരിയാർ അണക്കെട്ടിലെ സ്പിൽ വേ ഷട്ടറുകളിൽ; ഡാമിന്റെ ഇൻസ്ട്രുമെന്റേഷന്റെ ഭാഗമായി, ഓരോ ഷട്ടറിനും ഓരോ യൂണിറ്റ് യന്ത്രവൽകൃത ഗേജുകൾ (Dial Gauges) വച്ച് ആകെ 13 യൂണിറ്റുകൾ തമിഴ് നാട് പൊതുമരാമത്ത് വകുപ്പ് സ്ഥാപിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ ഇത്തരം എത്ര യൂണിറ്റുകളാണ് അനുമതിയില്ലാതെ സ്ഥാപിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ; | | |
| (സി) ഇത് അണക്കെട്ടിലെ ജലനിരപ്പ് ഉയർത്തുന്നതിന്റെ മുന്നൊരുക്കമാണെന്ന നിഗമനം വിശകലനം ചെയ്തിട്ടുണ്ടോ യെന്ന് വിശദമാക്കാമോ; | (സി) | അണക്കെട്ടിലെ ജലനിരപ്പ് ഉയർത്തുന്നതുമായി ഗേജുകൾ സ്ഥാപിച്ചതിനു ബന്ധമില്ല. |

(..2)

| | | |
|---|---|---|
| (ഡി) തമിഴ് നാടിന്റെ ഈ നടപടി ഉന്നധാതികാര സമിതിയുടെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; | (ഡി) യും (ഇ) യും | ഈ നടപടി ഉന്നധാതികാര സമിതി യുടെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണെന്ന് കണ്ടെത്തിയിട്ടില്ല. |
| (ഇ) എങ്കിൽ തമിഴ് നാടിന്റെ ഈ നടപടി പ്രതിരോധിക്കാൻ എന്തെല്ലാം ചെയ്യുവെന്ന് വിശദമാക്കാമോ ? | | |

**സെക്ഷൻ ഓഫീസർ**